# പത്രക്കുറിപ്പ്

## തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തി അടച്ചുള്ള പരിശോധനയും ക്വാറന്റൈനിൽ കഴിയുന്നവരുടെ നിരീക്ഷണവും ശക്തമായി തുടരുന്നു.

## കരമന-കളിയിക്കാവിള ദേശീയപാത വികസനം - ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തി

## സ്പെഷ്യൽ ഡ്രൈവ്: 629 പേർക്കെതിരെ നിയമ നടപടി 92,100/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- തലസ്ഥാനത്തെ ക്രിട്ടിക്കൽ കണ്ടയിൻമെന്റ് സോണുകളിലും കണ്ടയിൻമെന്റ് സോണുകളിലും അതിർത്തി അടച്ചുള്ള കർശന പോലീസ് പരിശോധന തുടരുന്നു. അതോടൊപ്പം ക്വാറന്റൈനിൽ കഴിയുന്നവരെ നിരീക്ഷിക്കുന്ന പ്രവർത്തനങ്ങളും ശക്തമായി തുടരുന്നതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കൂടാതെ കരമന-കളിയിക്കാവിള ദേശീയപാത വികസനത്തോടനുബന്ധിച്ച് പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള റോഡിന്റെ പണി നടക്കുന്നതിനാൽ, ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി കമ്മീഷണർ അറിയിച്ചു. അതേസമയം കോവിഡ്-19 സുരക്ഷാ നിർദ്ദേശങ്ങൾ പാലിക്കാത്തവരെ കണ്ടെത്താനായി സിറ്റി പോലീസ് നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ ഇന്നലെ (20.08.2020) 629 പേർക്കെതിരെ നടപടി സ്വീകരിക്കുകയും 92,100/- രൂപ പിഴ ഈടാക്കുകയും ചെയ്തു.